**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4464** **01-07-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ യൂണിഫോം പദ്ധതികൈത്തറി മേഖലയിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കൈത്തറി തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച സ്കൂൾ യൂണിഫോം പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ; | (എ) | നെയ്ത്തുകാർക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും, അധിക വരുമാനവും ലഭ്യമാക്കുവാനും കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപെട്ട നിലവിൽ ഏകദേശം 6154 നെയ്ത്തുകാരും, 1600 അനുബന്ധ തൊഴിലാളികളും പ്രവർത്തിച്ച് വരുന്നു. പദ്ധതിയുടെ ആരംഭ ഘട്ടം മുതൽ നാളിതുവരെ 339.93 കോടി രൂപ കൂലിയിനത്തിൽ നെയ്ത്തു തൊഴിലാളികൾക്കു വിതരണം ചെയ്തിട്ടുണ്ട്.<br><br>2024-25 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ ഒന്ന് മുതൽ ഏഴാം ക്ലാസ് വരെയുള്ള സർക്കാർ സ്കൂളുകളിലെ കുട്ടികൾക്കും, ഒന്ന് മുതൽ നാലാം ക്ലാസ് വരെയുള്ള എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കുമായി ആകെ 9 ലക്ഷം കുട്ടികൾക്കു 39.75 ലക്ഷം മീറ്റർ കൈത്തറി യൂണിഫോം തുണി ആണ് ഒന്നാം ഘട്ടമായി വിതരണം ചെയ്യുന്നത്. അതിൽ 35.49 ലക്ഷം മീറ്റർ തുണിയുടെ വിതരണം ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട്.<br><br>2024-25 അദ്ധ്യയന വർഷത്തിൽ പുതുതായി ചേർന്ന കുട്ടികൾക്ക്, പൊതു വിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കുന്ന ലിസ്റ്റ് പ്രകാരം രണ്ടാം ഘട്ടമായി യൂണിഫോം തുണി വിതരണം ചെയ്യുന്നതാണ്.<br><br>2025-26 അദ്ധ്യയന വർഷത്തേക്കുള്ള യൂണിഫോം തുണിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കാമോ? | (ബി) | സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി, ഒരു വർഷത്തേയ്ക്ക് വേണ്ടുന്ന നൂലിന്റെ അളവ് കണക്കാക്കുകയും അത് സ്പിന്നിംഗ് മില്ലുകൾ വഴി തടസ്സം കൂടാതെ കൃത്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അതോടൊപ്പം |

| | | | |
|---|---|---|---|
| | | | നെയ്ത്ത് കൂലി കുടിശിക ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>2025-26 അദ്ധ്യയന വർഷത്തേയ്ക്കുള്ള യൂണിഫോം തുണിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 120 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അദ്ധ്യയന വർഷത്തേയ്ക്ക് വേണ്ടുന്ന യൂണിഫോം തുണിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2024 മാർച്ച് മാസം മുതൽ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ